**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 418** **14-03-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ചുമതലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹമായ അപേക്ഷകളിൽ തഹസിൽദാർ ധനസഹായം അനുവദിക്കുന്നതിനുള്ള ശുപാർശ സഹിതം അപേക്ഷകൾ ജില്ലാ കലക്ടർക്ക് സമർപ്പിക്കുകയും തഹസിൽദാറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിയ്ക്കുന്ന രേഖകളും മറ്റും പരിശോധിച്ച് ജില്ലാ കലക്ടർ തലത്തിൽ അനുവദിക്കാവുന്ന 10000/- രൂപ വരെയുള്ള ചികിത്സ ധനസഹായം ജില്ല കലക്ടർ അനുവദിക്കുകയും, ചികിത്സ ചെലവേറിയ ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ മാരക രോഗങ്ങൾ, അപകട മരണം, തീപ്പിടുത്തം, പ്രളയം. പ്രകൃതി ദുരന്തം എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾ എന്നിവയിൽ അർഹമായ ധനസഹായം അനുവദിയ്ക്കുന്നതിന് ജില്ലാ കലക്ടർ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്യുന്നു. ചികിത്സ സഹായത്തിനായുള്ള അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയും കാഠിന്യവും, മെഡിക്കൽ സർട്ടിഫിക്കറ്റിലെ ചെലവായ തുകയും മറ്റു ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ആനുപാതികമായ ഒരു ആശ്വാസ ധനസഹായമാണ് സർക്കാർ അനുവദിക്കുന്നത്. CMDRF ന്റെ ചുമതലയുള്ള സ്പെഷ്യൽ സെക്രട്ടറി തലത്തിൽ 15000/- രൂപയും റവന്യൂ വകുപ്പ് മന്ത്രി തലത്തിൽ 25000/- രൂപയും ബഹു. മുഖ്യമന്ത്രി തലത്തിൽ 3 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. വിവിധ തലങ്ങളിൽ അനുവദിക്കുന്ന തുക ഉത്തരവായ |

| | | | |
|---|---|---|---|
| | | | ശേഷം DBT മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തിച്ചേരുകയാണുള്ളത്. അപകട മരണങ്ങൾക്ക് നിയമപരമായ അവകാശിക്ക് ഒരു ലക്ഷം രൂപയും തീപിടുത്തത്തിൽ വാസഗൃഹം നഷ്ടപ്പെട്ടവർക്ക് നഷ്ടത്തിന്റെ ശതമാന തോത്, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരമാവധി 4 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ അനർഹർക്ക് തുക നേടിക്കൊടുക്കാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കൂട്ടുനിന്നുവെന്ന ആരോപണത്തിന്മേൽ പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) | സി.എം.ഡി.ആർ.എഫ്. ഫണ്ട് അനർഹർ നേടിയെടുക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസിന്റെ ഇന്റലിജൻസ് വിഭാഗം 22/02/23 ൽ "Operation CMDRF” എന്ന പേരിൽ 14 ജില്ലകളിലെയും കലക്ടറേറ്റുകളിലെ സി.എം.ഡി.ആർ.എഫ്. കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ആയതിന്റെ പ്രാഥമിക കണ്ടെത്തലുകൾ പരിശോധിച്ചു വരുന്നു. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | എങ്കിൽ പരിശോധനയിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | സി.എം.ഡി.ആർ.എഫ്. ഫണ്ട് അനർഹർ നേടിയെടുക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസിന്റെ ഇന്റലിജൻസ് വിഭാഗം 22/02/23 ൽ "Operation CMDRF” എന്ന പേരിൽ 14 ജില്ലകളിലെയും കലക്ടറേറ്റുകളിലെ സി.എം.ഡി.ആർ.എഫ്. കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ആയതിന്റെ പ്രാഥമിക കണ്ടെത്തലുകൾ പരിശോധിച്ചു വരുന്നു. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ